REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 10-05-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

1. 18-ാമത് ലോക്സഭയിലേക്ക് വോട്ടെടുപ്പ് പൂർത്തിയാകാൻ മൂന്നാഴ്ച മാത്രം ബാക്കി നിൽക്കെ തെരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ഊർജ്ജിതമായി.
2. തിങ്കളാഴ്ച നാലാംഘട്ട വോട്ടെടുപ്പ് നടക്കുന്ന 96 മണ്ഡലങ്ങളിൽ പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിയ്ക്കും.
3. നാവികസേനാ മേധാവിയായി വൈസ് അഡ്മിറൽ സഞ്ജയ് ഭല്ല ചുമതലയേറ്റു.
4. വിഷ്ണുപ്രിയ വധക്കേസിൽ പ്രതി കുറ്റക്കാരനെന്ന് കോടതി.
5. സംസ്ഥാനത്ത് ചൊവ്വാഴ്ച്ച വരെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്.
6. IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് ഗുജറാത്ത് ടൈറ്റൺസിനെ നേരിടും.

## വാർത്തകൾ വിശദമായി

**18-ാമത് ലോക്സഭയിലേക്ക് വോട്ടെടുപ്പ് പൂർത്തിയാകാൻ മൂന്നാഴ്ച മാത്രം ബാക്കി നിൽക്കെ തെരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ഊർജ്ജിതമായി. പാർട്ടികളുടെ ദേശീയ നേതാക്കളും സ്ഥാനാർത്ഥികളും പരമാവധി വോട്ട് സ്വന്തം ചിഹ്നത്തിലാക്കാൻ കൊണ്ട് പിടിച്ച ശ്രമത്തിലാണ്.**

**ഡെസ്ക് റിപ്പോർട്ട്**

...........വോയ്സ്.......

അടുത്ത നാല് ഘട്ടങ്ങളിലായി 260 ലോക്സഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടക്കാനിരിക്കുന്നത്. തിങ്കളാഴ്ച നാലാംഘട്ട വോട്ടെടുപ്പ് നടക്കുന്ന 9 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 96 മണ്ഡലങ്ങളിൽ പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിയ്ക്കും. ആന്ധ്രപ്രദേശിലെ 25-ഉം തെലങ്കാനയിലെ 17-ഉം ഉത്തർപ്രദേശിലെ 13-ഉം മഹാരാഷ്ട്രയിലെ 11-ഉം സീറ്റുകൾ ഇതിൽപെടുന്നു. നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന ആന്ധ്രയിലെ 175- മണ്ഡലങ്ങളിലും ഒന്നാം ഘട്ടത്തിൽ ഒഡീഷയിലെ 28 മണ്ഡലങ്ങളിലും തിങ്കളാഴ്ചയാണ് വോട്ടെടുപ്പ്. അഞ്ചാം ഘട്ടത്തിൽ ആറ് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 49 മണ്ഡലങ്ങൾ ഈ മാസം 20-ന് വിധിയെഴുതും. 25-നാണ് ആറാം ഘട്ട വോട്ടെടുപ്പ്. അന്ന് ഏഴ് സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 58 മണ്ഡലങ്ങളാണ് ബൂത്തിലെത്തുന്നത്. ഈ മണ്ഡലങ്ങളിൽ പത്രിക പിൻവലിക്കൽ ഇന്നലെ പൂർത്തിയായി. ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടടുപ്പിൽ അടുത്ത മാസം ഒന്നിന് എട്ട് സംസ്ഥാനങ്ങളിലെ 57 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് നടക്കും. അടുത്ത മാസം നാലിനാണ് വോട്ടെണ്ണൽ.

✪✪✪

മതപരമായ സംവരണം കൊണ്ടുവന്ന് ഭരണഘടനയിൽ മാറ്റം വരുത്താനാണ് കോൺഗ്രസ് ശ്രമിക്കുന്നതെന്ന് പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്ര മോദി ആരോപിച്ചു. തന്റെ ഗവണ്മെന്റ് ഭരണഘടന മാറ്റുമെന്ന് താൻ ഒരിക്കലും പറഞ്ഞിട്ടില്ലെന്ന് ഒരു സ്വകാര്യ വാർത്താ ചാനലിന് നൽകിയ അഭിമുഖത്തിൽ മോദി പറഞ്ഞു. അഭിപ്രായസ്വാതന്ത്ര്യത്തിൽ ഭേദഗതി വരുത്തിയതിലൂടെ കോൺഗ്രസ് ഭരണഘടനയുടെ ആത്മാവിനെ നേരത്തെ കടന്നാക്രമിച്ചെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ജാതി, മതം, എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം പാടില്ലെന്നും മോദി പറഞ്ഞു.

✪✪✪

വിലക്കയറ്റവുമായി ബന്ധപ്പെട്ട വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ BJP പരാജയപ്പെട്ടെന്ന് ആം ആദ്മി പാർട്ടി ആരോപിച്ചു. നിലവിലെ ഗവൺമെന്റിന് കീഴിൽ രാജ്യം പട്ടിണി സൂചികയിൽ മോശം പ്രകടനമാണ് കാണിക്കുന്നതെന്ന് മുതിർന്ന AAP നേതാവ് സൗരഭ് ഭരദ്വാജ് ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഗ്രാമീണ, നഗര പ്രദേശങ്ങളിലെ ചെലവുകൾക്ക് തുല്യ അനുപാതത്തിൽ വരുമാനം

ഉയർന്നിട്ടില്ലെന്നും അദ്ദേഹം ആരോപിച്ചു. വ്യാപകമായ തൊഴിലില്ലായ്മയുടെയും കുതിച്ചുയരുന്ന പണപ്പെരുപ്പത്തിന്റെയും ഫലമാണ് 85 കോടി ജനങ്ങൾക്ക് റേഷൻ വിതരണം ചെയ്യാൻ ഗവൺമെന്റ് നിർബന്ധിതരാകുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, അടുക്കളയിലെ പ്രധാന വിഭവങ്ങൾ എന്നിവയുടെ വില വളരെ ഉയർന്നതാണെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികൾ സ്ഥാപിച്ച പ്രചരണ ബോർഡുകളും തോരണങ്ങളും ബുധനാഴ്ച്ചക്കകം നീക്കം ചെയ്യണമെന്ന് തദ്ദേശ ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സർക്കുലർ. ഇങ്ങനെ നീക്കം ചെയ്യാത്ത സ്ഥലങ്ങളിൽ നിന്ന് ഈ മാസം 30നകം അതത് തദ്ദേശസ്ഥാപനങ്ങൾ ഇവ നീക്കം ചെയ്യണമെന്നും ചെലവാകുന്ന തുക അതത് പാർട്ടികളിൽ നിന്നോ സ്ഥാനാർത്ഥികളിൽ നിന്നോ ഈടാക്കണമെന്നും സർക്കുലറിൽ പറയുന്നു.

✪✪✪

നാവികസേനാ മേധാവിയായി വൈസ് അഡ്മിറൽ സഞ്ജയ് ഭല്ല ചുമതലയേറ്റു. 1989 ജനുവരി ഒന്നിന് നാവികസേനയിൽ ചേർന്ന സഞ്ജയ് ഭല്ല 35 വർഷത്തെ സേവനകാലയളവിൽ കരയിലും കടലിലുമായി നിരവധി ചുമതലകൾ വഹിച്ചിട്ടുണ്ട്. കമ്മ്യൂണിക്കേഷനിലും ഇലക്ട്രോണിക് വാർ ഫെയറിലും പ്രത്യേക കോഴ്സ് പൂർത്തിയാക്കിയശേഷം അദ്ദേഹം നിരവധി മുൻനിര യുദ്ധക്കപ്പലുകളിൽ സേവനമനുഷ്ഠിച്ചു. നാവികസേനയുടെ മേധാവിയായി ചുമതലയേൽക്കുന്നതിന് മുമ്പ്, വെസ്റ്റേൺ നേവൽ കമാൻഡിന്റെ ചീഫ് ഓഫ് സ്റ്റാഫ് ആയിരുന്നു അദ്ദേഹം.

വിശിഷ്ട സേവനത്തിന് അതിവിശിഷ്ട സേവാ മെഡൽ, നവോ സേനാമെഡൽ എന്നിവ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

✪✪✪

ക്യാബിൻ ക്രൂ കൂട്ട അവധി എടുത്തതിനെ തുടർന്ന് ഉണ്ടായ പ്രതിസന്ധി ഒത്തുതീർപ്പായെങ്കിലും, കൊച്ചിയിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കു എയർ ഇന്ത്യ എക്സ്പ്രസ് വിമാന സർവീസുകൾ ഇനിയും സാധാരണ നില കൈവരിച്ചിട്ടില്ല.

രാവിലെ 8:35ന് പുറപ്പെടേണ്ട ദമമാം വിമാനവും, 08.50 പുറപ്പെടേണ്ട മസ്കറ്റ് വിമാനവും റദ്ദാക്കി. ഷാർജയിലേക്കു വിമാനം വെളുപ്പിന് 02.05 ന് പുറപ്പെട്ടു. ഉച്ചകഴിഞ്ഞ് ദുബായിലേക്കു പുറപ്പെടേണ്ട വിമാനവും, വൈകിട്ടു ദോഹ, അബുദാബി വിമാനങ്ങളും ഷെഡ്യൂൾ ചെയ്തിട്ടുണ്ട്.

ആഭ്യന്തര സർവീസുകളിൽ ഉച്ചയ്ക്കു ശേഷം ബാംഗ്ലൂർ, കൊൽക്കത്ത, ഹൈദരാബാദ് സർവീസുകൾ റദ്ദാക്കിയ നിലയിലാണ്. എന്നാൽ രാത്രി 11.25 ന് ബാംഗ്ലൂരിലേക്ക് പുറപ്പെടേണ്ട വിമാനം ഷെഡ്യൂൾ ചെയ്തിട്ടുണ്ട്.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഇന്ന് പുറപ്പെടേണ്ട ഷാർജ, ദുബായ് ഒഴികെ എയർ ഇന്ത്യ എക്സ്പ്രസിന്റെ ആറ് സർവീസുകൾ റദ്ദാക്കിയതായി വിമാനത്താവള അധികൃതർ അറിയിച്ചു. അബുദാബിയിൽ നിന്നു വിമാനം രാവിലെ കണ്ണൂരിലെത്തി. ദുബായിൽ നിന്നു മറ്റൊരു വിമാനം ഇന്നലെ രാത്രിയും എത്തിച്ചേർന്നു.

✪✪✪

ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് സഭാധ്യക്ഷൻ ഡോ. മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്തയുടെ ഭൗതികദേഹം സഭാ ആസ്ഥാനമായ തിരുവല്ല കുറ്റപ്പുഴയിലെ സെന്റ് തോമസ് നഗറിൽ കബറടക്കും. ഇന്നലെ രാത്രി സഭാ ആസ്ഥാനത്തു ചേർന്ന ബിഷപ്പുമാരുടെ പ്രത്യേക യോഗമാണ് ഇതു സംബന്ധിച്ചു തീരുമാനമെടുത്തത്. കബറടക്ക തീയതി പിന്നീട് തീരുമാനിക്കും.

യുഎസിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി 8 മുതൽ 10 ദിവസങ്ങൾക്കകം സംസ്കാര ശുശ്രൂഷകൾ നടക്കുമെന്നു സഭാ വക്താവ് ഫാ. സിജോ പന്തപ്പള്ളിൽ അറിയിച്ചു. പുതിയ മെത്രാപ്പൊലീത്തയെ തിരഞ്ഞെടുക്കുന്നതു വരെ സഭാ ചുമതലകൾ ബിഷപ്പുമാരുടെ ഒൻപതംഗ സമിതിക്കായിരിക്കും.

ചൊവ്വാഴ്ച യുഎസിലെ ഡാലസിൽ പ്രഭാത സവാരിക്കിടെ കാറിടിച്ച് ഗുരുതരമായി പരുക്കേറ്റ മെത്രാപ്പൊലീത്ത ആശുപത്രിയിൽ ചികിത്സയിലിരിക്കെ ബുധനാഴ്ച രാത്രി ഇന്ത്യൻ സമയം ഏഴ് മണിയോടെയാണ് മരിച്ചത്.

✪✪✪

ഡൽഹി മദ്യനയക്കേസിൽ അറസ്റ്റിലായി തിഹാർ ജയിലിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ ഇടക്കാല

ജാമ്യാപേക്ഷയിൽ സുപ്രീംകോടതി ഇന്ന് വിധി പറയും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരടങ്ങുന്ന ബഞ്ചാണ് വിധി പറയുക .

✪✪✪

പ്രണയാഭ്യർത്ഥന നിരസിച്ച വിരോധത്തിൽ കണ്ണൂർ കൂത്തുപറമ്പിനടുത്ത വള്ള്യായിലെ വിഷ്ണുപ്രിയയെ വീട്ടിൽ അതിക്രമിച്ചു കയറി കൊലപ്പെടുത്തിയ കേസിലെ പ്രതി കുറ്റക്കാരനെന്ന് കോടതി കണ്ടെത്തി. തലശേരി അഡീഷണൽ ജില്ല സെഷൻസ് കോടതി ഒന്ന് ആണ് പ്രതി കുറ്റക്കാരനെന്ന് കണ്ടെത്തിയത്.

മാനന്തേരിയിലെ മുരിക്കോളി ശ്യാംജിത്താണ് പ്രതി. 2022 ഒക്ടോബർ 22നാണ് കേസിന് ആസ്പദമായ സംഭവം. പ്രോസിക്യൂഷന്റെയും പ്രതിഭാഗത്തിന്റെയും വാദം കേട്ട് തിങ്കളാഴ്ച വിധി പറയും.

✪✪✪

സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ കനത്ത മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. മറ്റന്നാൾ പത്തനംതിട്ട, ഇടുക്കി ജില്ലകളിലും തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ വയനാട്ടിലും മഞ്ഞ ജാഗ്രതയാണ് . ഇടിമിന്നലിന് സാധ്യതയുണ്ടെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

ലക്ഷദ്വീപ് തീരത്ത് ഇന്ന് രാത്രിയോടെ ഉയർന്ന തിരമാലകൾക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് ഗുജറാത്ത് ടൈറ്റൺസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് അഹമ്മദാബാദിലാണ് മത്സരം. ഇന്നലെ റോയൽ ചാലഞ്ചേഴ്സ് ബംഗളുരു പഞ്ചാബ് കിംഗ്സിനെ പരാജയപ്പെടുത്തി.ധരംശാലയിൽ നടന്ന മത്സരത്തിൽ 60 റൺസിനാണ് ബംഗളുരുവിന്റെ ജയം.

✪✪✪

ഇന്ത്യ-ബംഗ്ലാദേശ് ട്വന്റി-20 വനിതാ ക്രിക്കറ്റ് പരമ്പര ഇന്ത്യ തൂത്തുവാരി. സിൽഹട്ടിൽ അഞ്ചാമത്തെയും അവസാനത്തെയും മത്സരത്തിൽ

ബംഗ്ലാദേശിനെ 21 റൺസിന് ഇന്ത്യ പരാജയപ്പെടുത്തി. അഞ്ച് മത്സരങ്ങളും ജയിച്ചാണ് ഇന്ത്യ പരമ്പര തൂത്തു വാരിയത്.

✪✪✪

ആധാരം എഴുത്തുകാരെ ഗവൺമെന്റ് വഴിയാധാരമാക്കില്ലെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. ആധാരം എഴുത്ത് അസോസിയേഷൻ സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമ്മേളനം നാളെ സമാപിക്കും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന്റെ വിദേശയാത്ര സംബന്ധിച്ച വിവാദം അനാവശ്യമാണെന്ന് CPIM കേന്ദ്രകമ്മിറ്റി അംഗം എ.കെ ബാലൻ പറഞ്ഞു. തെരഞ്ഞെടുപ്പ് പ്രചാരണത്തിനു ശേഷം വിശ്രമിക്കുന്നതിനാണ് മുഖ്യമന്ത്രി വിദേശയാത്രക്ക് പോയതെന്നും അതിൽ പ്രശ്നമെന്താണെന്നും അദ്ദേഹം തിരുവനന്തപുരത്ത് ചോദിച്ചു. മാസം ഒരു ലക്ഷത്തിലധികം വരുമാനം ലഭിയ്ക്കുന്ന മുഖ്യമന്ത്രിയുടെ സ്വകാര്യ യാത്രയുടെ ചെലവ് ആര് വഹിക്കുമെന്ന KPCC അധ്യക്ഷൻ കെ.സുധാകരന്റെ ചോദ്യത്തിന് പ്രസക്തിയില്ലെന്നും ബാലൻ പറഞ്ഞു.

✪✪✪

ഈ വർഷത്തെ പത്മപ്രഭാ പുരസ്കാരം കവിയും ഗാനരചയിതാവുമായ റഫീഖ് അഹമ്മദിന്. 75000 രൂപയും പത്മരാഗക്കല്ല് പതിച്ച ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. നോവലിസ്റ്റും കഥാകൃത്തുമായ NS മാധവൻ ചെയർമാനായ സമിതിയാണ് പുരസ്കാരജേതാവിനെ തിരഞ്ഞെടുത്തത്.

✪✪✪

ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണത്തിന് ശേഷം പുനരാരംഭിച്ച ഡ്രൈവിംഗ് ടെസ്റ്റ് മിക്ക ജില്ലകളിലും മുടങ്ങി. തിരുവനന്തപുരം ജില്ലയിലും ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ പ്രതിഷേധം കാരണം ടെസ്റ്റുകൾ നടന്നില്ല. ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ സംയുക്ത സമര സമിതിയുടെ പ്രതിഷേധത്തോടൊപ്പം അപേക്ഷകർ എത്താതിരുന്നതാണ് ഡ്രൈവിംഗ് ടെസ്റ്റുകൾ മുടങ്ങാൻ കാരണം.

✪✪✪

ഡ്രൈവിംഗ് ടെസ്റ്റിലെ പുതിയ പരിഷ്കാരങ്ങൾക്കെതിരെ ഡ്രൈവിംഗ് സ്കൂൾ അസോസിയേഷന്റെ നേതൃത്വത്തിൽ നടക്കുന്ന സമരത്തെ

തുടർന്ന് കണ്ണൂർ ജില്ലയിലെ 5 കേന്ദ്രങ്ങളിൽ ഇന്നും ഡ്രൈവിംഗ് ടെസ്റ്റ് മുടങ്ങി. ഡ്രൈവിംഗ് സ്കൂളിലെ ആളുകളും വിദ്യാർത്ഥികളും ടെസ്റ്റിംഗ് കേന്ദ്രങ്ങളിൽ എത്തിയില്ല. ജില്ലയിൽ പയ്യന്നൂർ, തളിപ്പറമ്പ് ,കണ്ണൂർ ,തലശ്ശേരി, ഇരിട്ടി എന്നിവിടങ്ങളിലാണ് ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ ഉള്ളത്.

✪✪✪

കൊല്ലം RTO യ്ക്കുകീഴിൽ ഇന്ന് ഒരു ടെസ്റ്റ് നടന്നു. ഡ്രൈവിങ് ലൈസൻസ് കാലാവധി കഴിഞ്ഞ് ഒരുവർഷം കഴിഞ്ഞ പ്രവാസിയായ അപേക്ഷകന് ലൈസൻസ് പുതുക്കി നൽകുന്നതിനു റോഡ് ടെസ്റ്റാണ് നടന്നത്. ഈ ടെസ്റ്റ് തടയാൻ ഡ്രൈവിങ് സ്കൂളുകാരുടെ ശ്രമം വിഫലമായി. ഡ്രൈവിങ് സ്കൂളുകാർ ടെസ്റ്റ് ഗ്രൗണ്ടിന്റെ ഒരുഭാഗത്ത് കഞ്ഞിയും കപ്പയും കാപ്പിയും പാചകം ചെയ്ത് പ്രതിഷേധിച്ചു .

✪✪✪

കോഴിക്കോട് ബിലാത്തിക്കുളത്ത് നിയന്ത്രണം വിട്ട ബൈക്ക് വീട്ടിലേക്ക് ഇടിച്ചു കയറി വിദ്യാർഥി മരിച്ചു. വെസ്റ്റ്ഹിൽ ഗവ.എൻജിനീയറിങ് കോളജിലെ അപ്ലൈഡ് ഇലക്ട്രോണിക്സ് മൂന്നാം വർഷ വിദ്യാർഥി എറണാകുളം ചെല്ലാനത്തെ അനുരൂപ് ആണ് മരിച്ചത്. മറ്റൊരു വിദ്യാർത്ഥിക്ക് ഗുരുതരമായി പരുക്കേറ്റു.

പുലർച്ചെ രണ്ടു ബൈക്കുകളിലായി വിദ്യാർഥികൾ ഹോസ്റ്റലിൽനിന്നു റെയിൽവേ സ്റ്റേഷനിലേക്ക് പോയതായിരുന്നു.

✪✪✪

പത്തനംതിട്ട ഏനാത്ത് MC റോഡിൽ കാറുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. മൂന്നു പേർക്ക് ഗുരുതര പരുക്ക്. പത്തനാപുരം തലവൂർ പാണ്ടിത്തിട്ട സ്വദേശിനി ഗോപിക ആണു മരിച്ചത് .

✪✪✪

ഇന്ന് അന്താരാഷ്ട്ര ലൂപ്പസ് ദിനം. ലോകമെമ്പാടും ദശലക്ഷകണക്കിന് ആളുകളെ ബാധിക്കുന്ന വിട്ടുമാറാത്ത സ്വയം രോഗപ്രതിരോധ രോഗമായ ലൂപ്പസിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനാണ് എല്ലാ വർഷവും മെയ് പത്തിന് അന്താരാഷ്ട്ര ലൂപ്പസ് ദിനം ആചരിക്കുന്നത്.

✪✪✪